# പതിനാലാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ : 960** 28-04-2017-ൽ
മറുപടി നൽകേണ്ടത്

**<u>മങ്കട ഗവൺമെന്റ് ആർട്സ് & സയൻസ് കോളേജ്</u>**

<u>ചോദ്യം</u> <u>ഉത്തരം</u>

ശ്രീ. ടി. എ. അഹമ്മദ് കബീർ : പ്രൊഫ.സി. രവീന്ദ്രനാഥ്
(വിദ്യാഭ്യാസ വകുപ്പ് മന്ത്രി)

| | |
|---|---|
| എ) മങ്കട ഗവൺമെന്റ് ആർട്സ് & സയൻസ് കോളേജിൽ കിഫ്ബിയിൽ ഉൾപ്പെടുത്തി ചെയ്തു വരുന്ന പ്രവൃത്തികളുടെ പുരോഗതി വിശദമാക്കുമോ; | എ) "കിഫ് ബി" ധനസഹായം ഉപയോഗിച്ചുകൊണ്ട് സംസ്ഥാനത്തെ 52 ഗവൺമെന്റ് ആർട്സ് & സയൻസ് കോളേജുകളും 7 എഞ്ചിനീയറിംഗ് കോളേജുകളും 9 പോളിടെക്നിക്കു കളും മികവിന്റെ കേന്ദ്രങ്ങളായി വികസിപ്പി ക്കുന്നതിനും, സ്മാർട്ട് ക്ലാസുകൾ, അന്തർദേശീയ നിലവാരത്തിലുള്ള ലബോറട്ടറികൾ, ലൈബ്രറികൾ, കമ്പ്യൂട്ടർ നെറ്റ് വർക്ക് സൗകര്യങ്ങൾ എന്നിവ വികസിപ്പിക്കുന്നതിനുള്ള പദ്ധതി തയ്യാറാക്കിയിട്ടുണ്ട്. ഇതിന്റെ അടിസ്ഥാനത്തിൽ മങ്കട ഗവൺമെന്റ് ആർട്സ് & സയൻസ് കോളേജിൽ നടപ്പാക്കാനുദ്ദേശിക്കുന്ന നവീകരണ നിർമ്മാണ പ്രവർത്തനങ്ങളുടെ |

| | |
|---|---|
| | രൂപരേഖ തയ്യാറാക്കുന്നതിനായി പ്രമുഖ എഞ്ചിനീയറിംഗ് കോളേജ് അദ്ധ്യാപകരുടെ നേതൃത്വത്തിലുള്ള ഒരു വിദഗ്ദ്ധ സംഘം കോളേജിലെ അടിസ്ഥാന സൗകര്യങ്ങൾ, സാങ്കേതിക സൗകര്യങ്ങൾ എന്നിവ വിലയിരുത്തുകയും മണ്ണ് പരിശോധന ഉൾപ്പെടെയുള്ള പരിശോധനകൾക്കുശേഷം വിശദമായ DPR (Detailed Project Report) തയ്യാറാക്കുകയും ചെയ്തിട്ടുണ്ട്. |
| ബി) ഇത് സംബന്ധിച്ച് 23-02-2017-ൽ സർക്കാർ തലത്തിൽ നിയോഗിച്ച വിദഗ്ദ്ധ സംഘം സന്ദർശനം നടത്തി തയ്യാറാക്കിയ ഡി.പി.ആർ ന് അംഗീകാരം നൽകിയിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ; | ബി) കോളേജ് കൗൺസിലും വിദഗ്ദ്ധ സമിതിയും DPR (Detailed Project Report) അംഗീകരിച്ചിട്ടുണ്ട്. |
| സി) പ്രവൃത്തികൾ സമയബന്ധിതമായി പൂർത്തീകരിക്കാൻ കലണ്ടർ തയ്യാറാക്കിയിട്ടുണ്ടോ; ഉണ്ടെങ്കിൽ ലഭ്യമാക്കുമോ? | സി) ഇല്ല |

**സെക്ഷൻ ഓഫീസർ**